## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 221 06.01.2014 ൽ മറുപടിക്ക്

### സ്വർണ്ണക്കള്ളക്കടത്തുകാർക്ക് ഉദ്യോഗസ്ഥരുടെ സഹായം

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സ്വർണ്ണക്കള്ളക്കടത്തുകാർക്ക് എമിഗ്രേഷൻ, പോലീസ്, കസ്റ്റംസ് ഉദ്യോഗസ്ഥന്മാരിൽ ചിലരുടെ ഒത്താശ ലഭിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത്തരത്തിൽ ആക്ഷേപം ഉന്നയിക്കപ്പെട്ടവർ കള്ളക്കടത്ത് സംഘക്കാരുടെ താത്പര്യാർത്ഥം അനുയോജ്യമായ സ്ഥലങ്ങളിൽ നിയമനം തരപ്പെടുത്തിയിട്ടുള്ളവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി) ഇല്ല |
| (സി) എയർപോർട്ടുകളിലും മറ്റും കള്ളക്കടത്തിന് സൗകര്യം ചെയ്തു കൊടുക്കുന്ന ഉദ്യോഗസ്ഥന്മാരെ നിരീക്ഷിച്ചിട്ടുണ്ടോ; എത്രപേരെ കണ്ടെത്തി ശിക്ഷാ നടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്;<br>(ഡി) കള്ളക്കടത്തുകാരെ സഹായിക്കാൻ സാധ്യമാകുന്ന സ്ഥലങ്ങളിലേക്ക് സമ്മർദ്ദത്തിലൂടെ സ്ഥലംമാറ്റം വാങ്ങിയവരെ പ്രത്യേകമായി നിരീക്ഷിക്കാൻ തയ്യാറാകുമോ? | (സി)യും(ഡി)യും : കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് ഇമിഗ്രേഷൻ ആണ് രാജ്യാന്തര വിമാനത്താവളങ്ങളിൽ ഇമിഗ്രേഷൻ ജോലികൾക്കായി സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥരെ സംസ്ഥാന സർക്കാർ അന്യത്ര സേവന വ്യവസ്ഥയിൽ ബ്യൂറോ ഓഫ് ഇമിഗ്രേഷന് നൽകുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ നിയമനം, സേവന വേതന വ്യവസ്ഥകൾ എന്നിവ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ എല്ലാം ബ്യൂറോ ഓഫ് ഇമിഗ്രേഷനിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഈ ഉദ്യോഗസ്ഥരെ വിമാനത്താവളങ്ങളിലും മറ്റും നിരീക്ഷിക്കുന്നത് സംബന്ധിച്ച കാര്യങ്ങളെല്ലാം തന്നെ ബ്യൂറോ ഓഫ് ഇമിഗ്രേഷന്റെ പരിധിയിൽ വരുന്നവയാണ്. |

സെക്ഷൻ ഓഫീസർ